ബേപ്പൂർ തുറമുഖ വികസനം

189 (3118)ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖ വികസനത്തിൽ സ്വകാര്യ ഏജൻസികളുടെ സഹായം തേടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ബി.എസ്.ഡി.മീനയിലെ എൻ.എം.ആർ. തൊഴിലാളികളെ മാരിടൈം കോർപ്പറേഷനിൽ ഉൾപ്പെടുത്താത്തതുമൂലം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തു നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

ഉത്തരം

(എ) ബേപ്പൂർ തുറമുഖവികസനത്തിന് സ്വകാര്യ പങ്കാളിത്തം തേടുകയും മൊബീൽ പീവിസ് ലിമിറ്റഡ് കമ്പനിയുമായി ബി.ഒ.ടി. എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബി.എസ്.ഡി.മീന, കേരളയിലെ എൻ.എം.ആർ. ജീവനക്കാരെ കോർപ്പറേഷനിൽ ഉൾപ്പെടുത്താത്തതുമൂലം ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ കോഴിക്കോട് പോർട്ട് ആഫീസിലെ എസ്റ്റാബ്ലിഷ്മെന്റുമായി ചേർത്ത് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തുടർന്നും നൽകിവരുന്നു.

അഴീക്കൽ തുറമുഖത്ത് പുലിമുട്ട് നിർമ്മാണം

190(3119)ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖത്തെ പുലിമുട്ട് നിർമ്മാണം സ്തംഭിച്ചത് എന്തുകൊണ്ടാണ്;

(ബി) ഇത് പരിഹരിക്കാൻ എന്ത് നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂർ ഭാഗത്തെ പുലിമുട്ടു നിർമ്മാണത്തിനാവശ്യമായ പാറ കൊണ്ടുവരുന്ന രാമന്തളി ക്വാറിയിൽ നിന്നും സ്പോടക വസ്തുക്കൾ ഉപയോഗിച്ച് പാറപൊട്ടിക്കുന്നതിനെതിരെ തലശ്ശേരി സബ് ഡിവിഷണൽ മജിസ്ട്രേട്ട് പുറപ്പെടുവിച്ച നിരോധന ഉത്തരവുകാരണം മാട്ടൂർ ഭാഗത്തെ പുലിമുട്ടു നിർമ്മാണം നിർത്തിവയ്ക്കേണ്ടി വന്നു.

(ബി) മാട്ടൂർ ഭാഗത്തെ പണികൾ പുനരാരംഭിക്കുന്നതിനുള്ള പോംവഴി കണ്ടെത്തി ശുപാർശ നൽകുന്നതിന് സെക്രട്ടറിമാരുടെ ഒരു കമ്മിറ്റി രൂപീകരിച്ചു. 6.5.99-ൽ കൂടിയ സെക്രട്ടറിമാരുടെ കമ്മിറ്റി ശുപാർശ ചെയ്ത നിർദ്ദേശം ഗവൺമെന്റ് പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly